(ബി) നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഗണിക്കുമോ ;

(സി) ഉല്പാദനച്ചെലവിന് അനുസൃതമായി സംഭരണവില നിശ്ചയിക്കുവാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) സപ്ലൈകോ നിലവിൽ 19 രൂപ നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കേരളത്തിൽ, രാജ്യത്തെ ഏറ്റവും ഉയർന്ന സംഭരണ വിലയാണ്. നെല്ലിന്റെ സംഭരണവില വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം നിലവിൽ പരിഗണനയിലില്ല.

(സി) ഉല്പാദന ചെലവിനനുസൃതമായിട്ടാണ് Commission for Agricultural Cost & Prices ശിപാർശ ചെയ്തിട്ടുള്ളതും സർക്കാർ സംഭരണവില നിശ്ചയിച്ചിട്ടുള്ളതും.

പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ്

116 (2611) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷങ്ങളായി പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്നവർക്ക് റേഷൻകാർഡ് നൽകാൻ നിലവിൽ സംവിധാനമുണ്ടോ ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

ഉത്തരം

ഉണ്ട്. പുറമ്പോക്കിലും മിച്ചഭൂമിയിലും കുടിലുകെട്ടി താമസിക്കുന്ന ഭൂരഹിതരായ അപേക്ഷകർ താമസിക്കുന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് മെമ്പറിൽനിന്നുംലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട റേഷനിംഗ് ഇൻസ്പെക്ടർ/താലൂക്ക് സപ്ലൈ ഓഫീസർ/സിറ്റി റേഷനിംഗ് ആഫീസർ ആവശ്യമായ പരിശോധന നടത്തിയശേഷം താൽക്കാലിക കാർഡ് അനുവദിക്കുന്ന സമ്പ്രദായം 26-4-2003 മുതൽ നിലവിലുണ്ട്.

പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽ സ്റ്റോർ

117 (2613) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും പൊതുവിതരണവും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പാരിപ്പള്ളി കേന്ദ്രമാക്കി പുതിയ സപ്ലൈകോ മെഡിക്കൽസ്റ്റോർ ആരംഭിക്കുന്നതിന് നടപടികൾ ആരംഭിച്ചിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly